II ഇ.ബി.XIV-കേരള നിയമസഭ/V-10

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 മേയ് 10, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

33(*301) ഭക്ഷ്യ ഭദ്രതാ നിയമത്തിലെ മാനദണ്ഡങ്ങൾ

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) നൽകിയ മറുപടിയിൽ, ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് അഡ്ഹോക് വിഹിതമുൾപ്പെടെ മുൻവർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്നതിനേക്കാൾ കുറവായതിനാൽ ഇത് പുനർനിർണ്ണയിക്കണമെന്നും മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും മുഖ്യമന്ത്രി

തലത്തിലും വകുപ്പുതലത്തിലും കേന്ദ്ര സർക്കാരുമായി നേരിട്ട് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പൊതുമാനദണ്ഡമനുസരിച്ച് നിശ്ചയിച്ചിട്ടുള്ള അധിക ധാന്യവിഹിതത്തിൽ മാറ്റം വരുത്താൻ സാധിക്കില്ലെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ച സാഹചര്യത്തിൽ OMSS നിരക്കിൽ കൂടുതൽ ഭക്ഷ്യധാന്യം ലഭ്യമാക്കി സംസ്ഥാനത്ത് വിതരണം നടത്തുന്നുണ്ടെന്നും അതിന്റെ ഫലമായി അരിവില വർദ്ധന പിടിച്ചുനിർത്താനും നോൺ പ്രയോറിറ്റി/നോൺ സബ്സിഡി വിഭാഗത്തിന് കഴിഞ്ഞ മാസം മുതൽ 8 കിലോഗ്രാം ധാന്യം വിതരണം ചെയ്യാൻ കഴിഞ്ഞുവെന്നും മന്ത്രി വ്യക്തമാക്കി. വാതിൽപ്പടി റേഷൻ വിതരണം കൊല്ലം ജില്ലയിൽ നടപ്പിലാക്കുകയും ഈ മാസം മുതൽ ആറ് ജില്ലകളിൽ കൂടി ആരംഭിക്കുന്നതിനും ബാക്കിയുള്ള ഏഴ് ജില്ലകളിൽ അടുത്തമാസം വിതരണം ചെയ്യുന്നതിനുമുള്ള ഭക്ഷ്യ ധാന്യസംഭരണം സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ട് നടത്തുകയും ചെയ്യുകയാണ്. അടുത്ത ഘട്ടമെന്ന നിലയിൽ മുഴുവൻ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് പൊതുവിതരണ മേഖല സുതാര്യമാക്കുന്നതിനും ജൂൺ, ജൂലൈ മാസത്തോടുകൂടി ജി.പി.എസ്./ഇ.പി.എസ്. സംവിധാനങ്ങൾ നടപ്പിൽ വരുത്തുന്നതിനും നടപടി സ്വീകരിച്ചുവരികയാണെന്നും റേഷൻ കാർഡ് വിതരണം ഈ മാസാവസാനത്തോടെ പൂർത്തിയാകുമെന്നും ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കുന്നതിനായി ആധാർ സീഡിംഗ്

നിർബന്ധമാക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട വകുപ്പിനും ലഭിച്ച അപ്പീലുകൾ സൂക്ഷ്മപരിശോധന നടത്തി മുൻഗണനാ പട്ടികയിലെ അപാകതകൾ പരിഹരിക്കുകയും അർഹരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, മത്സ്യത്തൊഴിലാളികൾ, അംഗവൈകല്യമുള്ളവർ, രോഗബാധിതർ എന്നിവരെ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നതാണ്. ഗോതമ്പ് ആട്ടയാക്കി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ ആരംഭിച്ച ഗോതമ്പ് സംസ്കരണ കേന്ദ്രത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്ന കാര്യം പരിശോധിച്ചുവരികയാണെന്നും മായം ചേർക്കൽ തടയുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഫലപ്രദമായ ഇടപെടൽ നടത്തുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പരിശോധന ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി മൂന്ന് ലാബുകൾക്ക് എൻ.എ.ബി.എൽ. അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ടെന്നും മായംചേർക്കലുമായി ബന്ധപ്പെട്ട നൂറോളം കേസുകൾ കോടതിയുടെ പരിഗണനയിലാണെന്നും ബാക്കിയുള്ളവയുടെ നടപടിക്രമങ്ങൾ തുടരുകയാണെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി വ്യക്തമാക്കി.

34(*302) <u>ഐ.ടി. നയത്തിന്റെ മുഖ്യലക്ഷ്യങ്ങൾ</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിൽ വിവര സാങ്കേതിക വിദ്യയ്ക്കുള്ള പങ്ക് പൂർണ്ണമായി പ്രയോജനപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടെന്നും കേരളത്തെ ഏറ്റവും നല്ല ഐ.ടി. നിക്ഷേപ സൗഹൃദ കേന്ദ്രമാക്കുകയും മികച്ച ഇ-ഗവേണൻസ് സംവിധാനത്തിലൂടെ സർക്കാർ സേവനങ്ങൾ സുഗമവും സുതാര്യവുമാക്കി എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുകയും ഗുണമേന്മയുള്ള മനുഷ്യവിഭവശേഷി, വാണിജ്യ വളർച്ച എന്നീ ഘടകങ്ങൾ ഉറപ്പാക്കാൻ വിവര സാങ്കേതികവിദ്യയുടെ അർത്ഥപൂർണ്ണമായ ഉപയോഗം സാദ്ധ്യമാക്കുന്നതിനായി യുവസംരംഭകരെ വാർത്തെടുക്കുകയാണ് ഐ.ടി. നയത്തിലൂടെ ലക്ഷ്യമിടുന്നതെന്നും സഭയെ അറിയിച്ചു. വിവര സാങ്കേതികവിദ്യ, ഇലക്ട്രോണിക്സ്/ടെലികോം/മൊബൈൽ മേഖലകൾ, അനുബന്ധ വ്യവസായങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സമഗ്ര വികസനമാണ് ഐ.ടി. മേഖലയുടെ അഭിവൃദ്ധിക്കായി നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും സർക്കാർ സേവനങ്ങൾ നൂതന സംവിധാനങ്ങൾ വഴി സുഗമവും സുതാര്യവുമാക്കി എല്ലാ ജനവിഭാഗങ്ങളിലും എത്തിച്ച് ഡിജിറ്റൽ സാങ്കേതിക വിദ്യ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുക, ഏകജാലക സ്റ്റേറ്റ് പോർട്ടൽ സംവിധാനം; മൊബൈൽ

ആപ്ലിക്കേഷൻസ്, അക്ഷയ തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സംയുക്ത ഇ-ഗവേണൻസ് പദ്ധതികൾ; ഓപ്പൺ ലൈവ് പോർട്ടലുകൾ; സർക്കാരിന്റെയും വിവിധ വകുപ്പുകളുടെയും മാപ്പുകൾ ഉൾപ്പെടുത്തിയുള്ള GIS സംവിധാനം തുടങ്ങിയവ ഐ.ടി. നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ഡിജിറ്റൽ സാക്ഷരതയിലൂടെ വിവരസാങ്കേതിക മേഖലയ്ക്കാവശ്യമായ മാനവവിഭവശേഷി നേടുന്നതിനായി ഐ.സി.ടി. അക്കാദമിയെ ശക്തിപ്പെടുത്തുന്നതിനും ദേശീയ-അന്തർദ്ദേശീയ ഗവേഷണ സ്ഥാപനങ്ങളും സർവ്വകലാശാലകളുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങളും ഓൺലൈൻ കോഴ്സുകളും പ്രോത്സാഹിപ്പിക്കുന്നതിനും എഞ്ചിനീയറിംഗ് പാഠ്യ പദ്ധതിയിൽ സംരംഭകത്വം ഒരു വിഷയമായി പഠിപ്പിക്കുന്നതിനും എല്ലാ വീടുകളിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുമുള്ള നടപടി ഈ നയത്തിന്റെ ഭാഗമായി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ ഐ.ടി. മേഖലയുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തി പരമാവധി തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ലോകത്തെ പ്രധാനപ്പെട്ട ഐ.ടി. കമ്പനികളെ കേരളത്തിലെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും കോഴിക്കോട് സൈബർ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുമെന്നും സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്കാവശ്യമായ കൂടുതൽ സൗകര്യങ്ങളും പ്രോത്സാഹനവും നൽകുമെന്നും സ്മാർട്ട് സിറ്റി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും കൊരട്ടി

ഐ.ടി. പാർക്ക് വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

35(*303) മാതൃഭാഷ നിർബന്ധമാക്കുന്നതിന് നടപടി

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ഹൈക്കോടതിയുടെയും കീഴ്കോടതികളുടേയും വിധിപ്രസ്താവം ഉൾപ്പെടെയുള്ള കോടതി വ്യവഹാരങ്ങൾ മലയാളത്തിലാക്കുന്നതിനുവേണ്ട വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതുസംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 24.05.1985-ലെ സർക്കാർ ഉത്തരവ് പ്രകാരം നിയോഗിച്ച ജസ്റ്റിസ് കെ. കെ. നരേന്ദ്രൻ കമ്മിറ്റി റിപ്പോർട്ടുപ്രകാരം കീഴ് കോടതികളുടെ വിധിസംബന്ധമായ കാര്യങ്ങൾ പൂർണ്ണമായും മലയാളത്തിലാക്കാൻ സാധിക്കുമെന്നും ഹൈക്കോടതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സുപ്രീം കോടതിയുമായി ചർച്ച നടത്തിയശേഷം മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂവെന്നും സഭയെ അറിയിച്ചു. മാതൃഭാഷാ പഠനത്തിന്റെ നിലവിലെ അവസ്ഥ, ഭാഷാപഠനം ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ പരിശോധിക്കുന്നതിനായി ഡോ. ആർ. വി. ജി. മേനോൻ അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റിയും പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പ്രൊഫ. ഒ. എൻ. വി. കുറുപ്പ് അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയും രൂപീകരിച്ചിരുന്നു. മാതൃഭാഷാ പ്രയോഗ പ്രാവീണ്യം പരിശോധിക്കുന്നതിനായി

കമ്പനി/കോർപ്പറേഷൻ/ബോർഡ്/സെക്രട്ടേറിയറ്റ്/പി.എസ്.സി. അസിസ്റ്റന്റ് (ബിരുദതല) പരീക്ഷകൾക്ക് മലയാളം, തമിഴ്, കന്നട എന്നീ ഭാഷകളിൽ പത്ത് മാർക്കിന്റെ ചോദ്യങ്ങൾ ഉൾപ്പെടുത്താനും എൽ.ഡി.സി., എൽ.ജി.എസ്. തസ്തികകൾക്ക് നിലവിലെ രീതി തുടരാനും പി.എസ്.സി. ചോദ്യങ്ങളിൽ ഇംഗ്ലീഷ് ഭാഷാചോദ്യങ്ങൾക്കൊപ്പം മലയാളം/കന്നട/തമിഴ് ഭാഷകളിൽ കൂടി ചോദ്യങ്ങൾ ഉൾപ്പെടുത്താനും പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിൽ മാതൃഭാഷ ബോധന മാധ്യമമായി സ്വീകരിക്കണമെന്ന എസ്.സി.ഇ.ആർ.ടി.-യുടേയും കരിക്കുലം കമ്മിറ്റിയുടെയും നിർദ്ദേശം അംഗീകരിച്ച് ഉത്തരവായിട്ടുണ്ടെന്നും സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും മലയാളം അറിയാനുള്ള സൗകര്യമുണ്ടാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി എല്ലാ വിദ്യാലയങ്ങളിലും മലയാളം ഒരു നിർബന്ധ ഭാഷയായി പഠിപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്ന 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയിലാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ സ്വന്തം ഭാഷ ബോധന മാധ്യമമായി സ്വീകരിച്ചുകൊണ്ട് മലയാളം നിർബന്ധിത ഭാഷയായി പഠിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും കാലാനുസൃതമായി രൂപപ്പെട്ടിട്ടുള്ള മലയാളപദങ്ങൾ ചേർത്ത് ഭാഷയെ സമ്പുഷ്ടമാക്കുന്നതിനും ശാസ്ത്ര-സാങ്കേതിക പദങ്ങൾക്കുപകരം വേറെ പദങ്ങൾ കണ്ടുപിടിക്കാതെ അതേ പദങ്ങൾതന്നെ

ഉപയോഗിക്കാൻ കഴിയുമെന്നും യോജിച്ച മലയാള പദമുണ്ടെങ്കിൽ അതും കണ്ടുപിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും സർക്കാർ പരിപാടികളുടെ ക്ഷണക്കത്ത് മലയാളത്തിൽ അച്ചടിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

36(*304) റേഷൻ കടകളുടെ നവീകരണം

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻ കടകൾ വഴിയുള്ള ഭക്ഷ്യധാന്യ വിതരണം ഇ-പോസ് മെഷീൻ വഴി ആധാർ അധിഷ്ഠിത കാർഡുകളിലൂടെയും ബയോമെട്രിക് രീതിയിലുള്ള തിരിച്ചറിയൽ മുഖേനയും യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനാൽ റേഷൻ വിതരണത്തിലെ ക്രമക്കേടുകളും റേഷൻ ഡിപ്പോകളിൽ സ്റ്റോക്ക് എത്തിച്ചേരുമ്പോഴും കാർഡ് ഉടമയുടെ പേരിൽ ബില്ല് ചെയ്യുമ്പോഴും എസ്.എം.എസ്. സംവിധാനം മുഖേന കാർഡുടമയ്ക്ക് അറിയിപ്പ് നൽകുന്നതുവഴി റേഷൻ സാധനങ്ങളുടെ ദുരുപയോഗവും തടയാൻ സാധിക്കുമെന്നും റേഷൻ റീട്ടെയിൽ വ്യാപാരികളുടെ കമ്മീഷൻ 01-01-2015 മുതൽ ക്വിന്റലിന് അറുപത് രൂപയെന്നത് 100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പരീക്ഷണാടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ ആരംഭിച്ച വാതിൽപ്പടി റേഷൻ

വിതരണത്തിലൂടെ റേഷൻ കടകളിൽ മിച്ചമുള്ള അരി 121 ലക്ഷത്തോളം വരുന്ന നോൺ പ്രയോറിറ്റി ലിസ്റ്റിലെ സ്റ്റേറ്റ് സബ്സിഡി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് 3 കിലോഗ്രാം വീതം വിതരണം ചെയ്യാൻ കഴിഞ്ഞുവെന്നും റേഷൻ കാർഡുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റേഷൻ കടകൾ പുന:സംവിധാനം ചെയ്യുന്നതിനെക്കുറിച്ചും ആദിവാസിമേഖലകളിൽ മൊബൈൽ സംവിധാനമുൾപ്പെടെ നടപ്പിലാക്കുന്നതിനെക്കുറിച്ചും ആലോചിക്കുമെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2843 മുതൽ 3175 വരെയുള്ള ചോദ്യങ്ങളിൽ 19 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)